# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 373
# 03/03/2020 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവൃത്തി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തി വികസന ഫണ്ട് പദ്ധതിയിൽ നിന്നും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കാമോ; | 12.05.2017 ലെ സ.ഉ (അച്ചടി) നം. 63/2017/ധന പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റും പാചകപ്പുരയും നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഒരു സ്കൂളിന് പരമാവധി 10 ലക്ഷം രൂപ ചെലവഴിക്കാവുന്നതാണ്. നിർമ്മാണത്തിനായി ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. കൂടാതെ എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിയിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഒരു സ്കൂളിനായി അനുവദിക്കാവുന്ന പരമാവധി സർക്കാർ/ആസ്തി വികസന ഫണ്ട് വിഹിതം 50 ലക്ഷം രൂപയാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം/നവീകരണം, ലൈബ്രറി/ലബോറട്ടറി, ഹൈടെക്ക്/സ്മാർട്ട് ക്ലാസ് റൂമുകൾ, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, കളിസ്ഥല നിർമ്മാണം, ചുറ്റമതിൽ നിർമ്മാണം, പാചകപ്പുര/ഡൈനിംഗ് ഹാൾ, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിവ ചലഞ്ച് ഫണ്ട് പദ്ധതിയിൽ അനുവദനീയമാണ്. ചലഞ്ച് ഫണ്ട് പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (അച്ചടി) നം. 30/2018/ധന തീയതി 01.03.2018, സ.ഉ (അച്ചടി) നം. 156/2019/ധന തീയതി 15.11.2019 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉള്ളത്; ഇവയുടെ നിർമ്മാണം നിർവഹിക്കാൻ പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | |
| (സി) | ഇത്തരം പ്രവൃത്തികൾക്ക് പരമാവധി എത്ര രൂപ വരെയാണ് ആസ്തി വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ